ഉത്തരം

(എ) ഉണ്ട്.

(ബി) കുഴൽമന്ദത്ത് പെൺകുട്ടികൾക്ക് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിച്ചു നല്കുന്നതിന് തയ്യാറാണെന്നുള്ള പ്രമേയം 17-5-2002-ലെ പാലക്കാട് ജില്ലാ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ഹോസ്റ്റൽ നിർമ്മാണത്തിനായി 2002-2003, 2003-2004, 2004-2005, 2005-2006 വർഷങ്ങളിലെ ബഹു വർഷ പ്രോജക്ടായി പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളതായി 25-6-2003-ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകൾ ഹോസ്റ്റൽ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കാത്തതു കാരണം ഈ പദ്ധതി പുരോഗതി നേടുകയുണ്ടായില്ല.

ആവശ്യമായ സ്ഥലം ജില്ലാ പഞ്ചായത്തിന് ലഭ്യമാക്കുവാൻ അതാതു പഞ്ചായത്ത് സെക്രട്ടറിയുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കുവാൻ ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്തിനേയും, ജില്ലാ പട്ടികജാതി വികസന വകുപ്പ് ഉദ്യോഗസ്ഥനേയും 27-12-2003-ലെ ജില്ലാ വികസന സമിതിയോഗ തീരുമാനപ്രകാരം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി ആന്റ് ഡി) ഇതിനാവശ്യമായ സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതാണ് എന്നുള്ള ജില്ലാ പഞ്ചായത്തിന്റെ വാഗ്ദാനം നിറവേറ്റുന്നതിന് കാലപരിധി നിർണ്ണയിച്ചുകൊണ്ടുള്ള ഉറപ്പു ലഭ്യമാകുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. കൂടാതെ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അന്തേവാസികളായി 30 മുതൽ 60 വരെയെങ്കിലും വിദ്യാർത്ഥികളെ ലഭിക്കുമോ എന്നതു സംബന്ധിച്ച് ഒരു ഉന്നതതല സമിതിയുടെ അന്വേഷണവും വിലയിരുത്തലും നടത്തിയശേഷം പദ്ധതി നടപ്പിലാക്കുന്നതായിരിക്കും ഉചിതം.

കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമത്തിന് അനുവദിച്ച തുകയുടെ വിനിയോഗം

147 [1126] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമത്തിന് എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അനുവദിച്ച തുക പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) ചെലവഴിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) ചെലവഴിക്കാത്ത പണം പഞ്ചായത്തുകൾക്ക് തിരിച്ചു നല്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ, ബി, സി, ഡി ആന്റ് ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ജില്ല എസ്. ടി. ഓഫീസ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റി സ്ഥാപിക്കൽ

148 [1127] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസ് ഇപ്പോൾ സ്ഥിതി ചെയ്യുന്നത് എവിടെയാണ്;

(ബി) ഇത് സ്വന്തം കെട്ടിടമാണോ;

(സി) ഇല്ലെങ്കിൽ ഈ കെട്ടിടത്തിന് എന്തു മാസവാടകയുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഓഫീസ് കോഴിക്കോട് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(എഫ്)) പ്രസ്തുത ഓഫീസ് കോഴിക്കോട് കളക്ടറേറ്റിൽ എന്നുമുതൽ പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) താമരശ്ശേരിയിലാണ് സ്ഥിതി ചെയ്യുന്നത്.

(ബി) അല്ല.

(സി) പ്രതിമാസ വാടക 805 രൂപയാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) 10-3-2004-ലെ ജി.ഒ.(ആർ. റ്റി) 234/04/പജ.പവ.വിവ. നമ്പർ ഉത്തരവ് പ്രകാരം ട്രൈബൽ ഡവലപ്പ്മെന്റ്ഓഫീസ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(എഫ്) ഓഫീസിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ള സിവിൽ സ്റ്റേഷനിലെ മുറികൾ അലോട്ട് ചെയ്ത് ജില്ലാ കളക്ടർ ഉത്തരവാകുന്ന മുറയ്ക്ക് ഈ ഓഫീസ് മാറ്റി പ്രവർത്തിപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly